കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## കേരള സംഗീത നാടക അക്കാദമിയുടെ പ്രൊഫഷണൽ നാടകമത്സരത്തിലേക്കുള്ള പത്ത് നാടകങ്ങൾ തെരഞ്ഞെടുത്തു

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന 2022-ലെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിലേക്കുള്ള പത്ത് നാടകങ്ങൾ തെരഞ്ഞെടുത്തു. കെ.പി.എ.സിയുടെ അപരാജിതർ, കാഞ്ഞിരപ്പള്ളി അമലയുടെ കടലാസ്സിലെ ആന, കാളിദാസ കലാകേന്ദ്രത്തിന്റെ ചന്ദ്രികക്കുമുണ്ടൊരു കഥ, അസ്സീസി ആർട്സ് ക്ലബിന്റെ ജലം, ചൈത്രതാര തീയേറ്റേഴ്സിന്റെ ഞാൻ, കൊച്ചിൻ ചന്ദ്രകാന്തയുടെ നത്ത് മാത്തൻ ഒന്നാംസാക്ഷി, കോഴിക്കോട് രംഗമിത്രയുടെ പണ്ട് രണ്ട് കൂട്ടുകാരികൾ, കോഴിക്കോട് രംഗഭാഷയുടെ മൂക്കുത്തി, വള്ളുവനാട് ബ്രഹ്മയുടെ രണ്ട് നക്ഷത്രങ്ങൾ, കോഴിക്കോട് സങ്കീർത്തനയുടെ വേട്ട എന്നീ നാടകങ്ങളാണ് തെരഞ്ഞെടുത്തത്. പ്രശസ്ത നാടക സംവിധായകൻ ഗോപിനാഥ് കോഴിക്കോട് ജൂറി ചെയർമാനും അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി മെമ്പർ സെക്രട്ടറിയും പ്രൊഫഷണൽ നാടകരംഗത്തെ പ്രതിഭകളായ വിൽസൺ സാമുവൽ, ശിവജി ഗുരുവായൂർ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് നാടകങ്ങൾ തെരഞ്ഞെടുത്തത്. 32 അപേക്ഷകളിൽ നിന്നുമുള്ള മികച്ച പത്ത് നാടകങ്ങളാണ് മത്സരത്തിലേക്ക് തെരഞ്ഞെടുത്തത്

## സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം മെയ് 29 ന് ആരംഭിക്കും

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം മെയ് 29 മുതൽ ജൂൺ രണ്ട് വരെ കെ.ടി മുഹമ്മദ് സ്മാരക തിയേറ്ററിൽ നടക്കും. മെയ് 29 ന് രാവിലെ പത്തിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം നിർവഹിക്കും. തെരഞ്ഞെടുക്കപ്പെട്ട പത്ത് നാടകങ്ങളെ ഉൾപ്പെടുത്തിയാണ് മത്സരം സംഘടിപ്പിക്കുന്നത്.ഈ ദിവസങ്ങളിൽ രാവിലെ 10.30 നും വൈകീട്ട് ആറിനും രണ്ടുവീതം നാടകങ്ങളുടെ അവതരണങ്ങളാണ് നടക്കുകയെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പറഞ്ഞു.

കരിവെള്ളൂർ മുരളി

സെക്രട്ടറി